(ഡി) കയർ മേഖലയിൽ കയറും കയറുൽപ്പന്നങ്ങളുടെയും ദേശീയ അന്തർദേശിയ വിപണിയെ പറ്റിയുള്ള പഠനം, സഹകരണ സംഘങ്ങൾക്കു ഉൽപ്പാദന/വിപണന സഹായം, ഉൽപ്പാദനശേഷി കൂടിയ റാട്ടുകൾ ഉൽപ്പാദിപ്പിക്കാനുള്ള ശ്രമം എന്നിവയും കരകൗശല മേഖലയിൽ അർബൺ ഹാത്ത്, ബാബാ സാഹേബ് അംബേദ്കർ ഹസ്തശിൽപ വികാസ് യോജന എന്നിവയും കശുവണ്ടി മേഖലയിൽ സർക്കാർ പ്രഖ്യാപിച്ച 107 കോടി രൂപയുടെ ബാക്കി 4 ഗഡു കൊടുക്കുന്നതിനുള്ള നടപടികൾ എന്നിവയും, കൂടാതെ കൈത്തറി മേഖലയുൾപ്പെടെയുള്ള പരമ്പരാഗത വ്യവസായ മേഖലയുടെ സമഗ്രമായ വികസനത്തിനു വേണ്ടിയുള്ള പരമ്പരാഗത വ്യവസായ സഹായ നിധിയുടെ രൂപീകരണം സംബന്ധിച്ച നടപടികളും സ്വീകരിച്ച് വരുന്നു.

(ഇ) ഇല്ല.

വനഭൂമിയിലെ കയ്യേറ്റങ്ങൾ

*22 [111] ശ്രീ. വി. ചെന്താമരാക്ഷൻ:

,, പി. സി. ജോർജ്ജ്:

,, കോടിയേരി ബാലകൃഷ്ണൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ വ്യാപകമായി കയ്യേറ്റങ്ങൾ നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും അന്യാധീനപ്പെട്ട ഭൂമി സർക്കാരിലേക്ക് വീണ്ടെടുക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) വനം വകുപ്പിന്റെ അധീനതയിലുണ്ടായിരുന്ന എത്ര ഹെക്ടർ സ്ഥലമാണ് വനം കയ്യേറ്റത്തിന്റെ ഫലമായി നഷ്ടപ്പെട്ടിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുള്ളത്;

(ഇ) ഇതിൽ എത്ര ഹെക്ടർ വനഭൂമി വീണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഏതെല്ലാം വനമേഖലകളിൽ നിന്നുമാണ് വനം കയ്യേറ്റക്കാരെ ഒഴിപ്പിച്ചിട്ടുള്ളതെന്നും പറയാമോ;

(എഫ്) സംസ്ഥാനത്ത് വനമേഖലയിൽ കയ്യേറ്റം തടയുന്നതിന് സ്വീകരിച്ച നടപടികൾ ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. വിശ്വനാഥൻ):

(എ) വ്യാപകമായി കയ്യേറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ആദിവാസി ഭൂസമരത്തോടനുബന്ധിച്ച് ആദിവാസി ക്ഷേമസമിതിയുടെ നേതൃത്വത്തിൽ വയനാട് ജില്ലയിൽ 2002-2003 വർഷങ്ങളിൽ 225 ഹെക്ടറോളം വനഭൂമി കയ്യേറപ്പെട്ടിട്ടുണ്ട്. കൂടാതെ 1-1-1977-നു ശേഷമുള്ള കയ്യേറ്റങ്ങളിൽ ഒഴിപ്പിക്കേണ്ടതായ (ആദിവാസി കയ്യേറ്റം ഉൾപ്പെടെ) 7289.3377 ഹെക്ടർ വനഭൂമി കയ്യേറ്റക്കാരുടെ കൈവശത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി ആന്റ് സി) സംസ്ഥാനത്തെ അനധികൃത വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിനും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നതിനും ചീഫ് സെക്രട്ടറി ചെയർമാനും വനം, റവന്യൂ, ആഭ്യന്തരം, നിയമം ഈ വകുപ്പുകളുടെ സെക്രട്ടറിമാരും പോലീസ് ഡയറക്ടർ ജനറൽ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), സർവേ ആന്റ് ലാന്റ് റെക്കോർഡ്സ് ഡയറക്ടർ എന്നിവർ അംഗങ്ങളും ആയി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അതാത് സർക്കിൾ തലത്തിൽ ഫോറസ്റ്റ് കൺസർവേറ്റർമാരുടെ നേതൃത്വത്തിലുള്ള കമ്മിറ്റികൾ കയ്യേറ്റഭൂമി വീണ്ടെടുക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുകയും തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. അപ്പപ്പോഴുള്ള കയ്യേറ്റങ്ങൾ തടയുന്നതിനായി തുടർച്ചയായി പട്രോളിംഗ് നടത്തുകയും ജാഗ്രതയോടെ നിരീക്ഷിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.

(ഡി ആന്റ് ഇ) സംസ്ഥാനത്തൊട്ടാകെ അനധികൃതമായി കയ്യേറിയ 11917.8952 ഹെക്ടറിൽ ഇതിനകം 4628.5575 ഹെക്ടർ വനഭൂമി ഒഴിപ്പിച്ച് വീണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കി 7289.3377 ഹെക്ടർ വനഭൂമി കയ്യേറ്റക്കാരുടെ കൈവശത്തിലാണ്. ഒഴിപ്പിച്ച് സർക്കാരിന്റെ അധീനതയിലാക്കിയ വനഭൂമിയുടെ വിവരം താഴെ ചേർക്കുന്നു:

വനമേഖല		*വിസ്തീർണ്ണം (ഹെക്ടറിൽ)*
കൊല്ലം	..	757.1365
കോട്ടയം	..	2698.8620
തൃശ്ശൂർ	..	207.6499
ഒലവക്കോട്	..	132.2713
കണ്ണൂർ	..	282.6378
വൈൽഡ് ലൈഫ് സർക്കിൾ	..	550.0000
ആകെ	..	4628.5575

(എഫ്) ഫലപ്രദമാണ്.

അനധികൃത ചന്ദന ഫാക്ടറികൾ

*23 [112] ശ്രീ. കെ. വി. കുഞ്ഞിരാമൻ:

,, വി. കെ. ചന്ദ്രൻ:

,, കെ. കെ. ജയചന്ദ്രൻ:

,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ചന്ദന ഫാക്ടറികളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly